"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 2025 ജൂലൈ 17,18 തീയതികളിൽ തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ വച്ച് സംഘടിപ്പിക്കുന്ന ദ്വിദിന വയോജന സംഗമവുമായി ബന്ധപ്പെട്ട് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1762/2025/LSGD തീയതി,തിരുവനന്തപുരം, 17-07-2025

---

പരാമർശം:- 1. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 25.06.2025 ലെ കത്ത്.

2 11.07.2025 തീയതിയിലെ FM2/86/2025-LSGD നമ്പർ സർക്കാർ കത്ത്.

3. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 11.07.2025 ലെ കത്ത്.

**<u>ഉത്തരവ്</u>**

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 2025 ജൂലൈ 17,18 തീയ്യതികളിൽ തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ വച്ച് സംഘടിപ്പിക്കുന്ന ദ്വിദിന വയോജന സംഗമത്തിൽ പങ്കെടുക്കുന്നവരുടെ യാത്രാചെലവ്, താമസം മുതലായ ഇനങ്ങളിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാവുന്നതാണെന്ന് സൂചന (2) കത്ത് പ്രകാരം അസോസിയേഷനെ അറിയിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സർക്കാരിനെ സമീപിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ 2025 ജൂലൈ 17, 18 തീയതികളിൽ തിരുവനന്തപുരത്ത് പഞ്ചായത്ത് ഭവനിൽ വച്ച് സംഘടിപ്പിക്കുന്ന ദ്വിദിന വയോജന സംഗമവുമായി ബന്ധപ്പെട്ട് ഒരു ഗ്രാമപഞ്ചായത്തിൽ നിന്നും **പരമാവധി 7 പേർക്ക്** തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കുംപ്രകാരം ചെലവ് വഹിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പ്രസ്തുത സംഗമത്തിൽ പങ്കെടുക്കുന്ന ജനപ്രതിനിധികൾക്കും ജീവനക്കാർക്കും ചട്ടപ്രകാരം അനുവദനീയമായ നിരക്കിൽ യാത്രപ്പടിയും ദിനബത്തയും.

(ii) പ്രസ്തുത സംഗമത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവർക്ക് ഗ്രാമപഞ്ചായത്ത് അംഗത്തിന് ലഭ്യമായ നിരക്കിലുള്ള യാത്രപ്പടിയും ദിനബത്തയും.

(iii) രജിസ്ട്രേഷൻ ഫീസ്, താമസം തുടങ്ങി മറ്റു ചിലവുകൾക്കെല്ലാം കൂടി ഒരു ഗ്രാമപഞ്ചായത്തിന് പരമാവധി ₹10,000/-(പതിനായിരം രൂപ മാത്രം) .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി / പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 17-07-2025 15:13:55

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.